## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

തിരുവനന്തപുരം

ഉത്തരവ് നമ്പർ. E-1/4634/14/Kdis. തീയതി:06-02-2014

വിഷയം:- സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം- ശിശുവികസനപദ്ധതി ഓഫീസ്, പരപ്പഅഡീഷണൽ - വിനിമയ അവധി അനുവദിക്കുന്നത് സംബന്ധിച്ച് :

പരാമർശം:- ശ്രീമതി. ലിൻസി ജോസഫ്, ശിശുവികസനപദ്ധതി ഓഫീസറുടെ 22-01-2014ലെ അപേക്ഷ.

പരപ്പ അഡീഷണൽ ശിശുവികസനപദ്ധതി ഓഫീസർ ശ്രീമതി ലിൻസി ജോസഫിന് ചികിത്സക്കായി രണ്ട് മാസത്തെ വിശ്രമം നിർദ്ദേശിച്ചിരിക്കുന്നതാനാൽ 22-01-2014മുതൽ 31-03-2014 വരെ വിനിമയാവധി അനുവദിക്കണമെന്ന് പരാമർശം പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ ജീവനക്കാരിയുടെ അപേക്ഷ പരിഗണിച്ച് പരപ്പ അഡീഷണൽ ശിശുവികസനപദ്ധതി ഓഫീസർ ശ്രീമതി ലിൻസി ജോസഫിന് 22-01-2014 മുതൽ 31-03-2014 വരെ വിനിമയ അവധി അർഹതാവിധേയമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീമതി ലിൻസി ജോസഫ് അവധിയിൽ പ്രവേശിച്ചില്ലായിരുന്നെങ്കിൽ ഇതേ തസ്തികയിൽ തന്നെ തുടരുമായിരുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഈ സാഹചര്യത്തിൽ പരപ്പ അഡീഷണൽ ശിശുവികസന പദ്ധതി ആഫീസറുടെ പൂർണ്ണ അധികച്ചുമതല 22-01-2014 മുതൽ ടി ഐസിഡിഎസ് പ്രോജക്ടിലെ സൂപ്പർവൈസർ ശ്രീമതി റ്റി.വി. വൽസലയ്ക്കും, ശ്രീമതി ലിൻസി ജോസഫ് അധികചുമതല വഹിച്ചിരുന്ന പരപ്പ ശിശുവികസന പദ്ധതി ആഫീസറുടെ പൂർണ്ണ അധിക ചുമതല ടി ഐസിഡിഎസ് പ്രോജക്ടിലെ സൂപ്പർവൈസർ ശ്രീമതി ഇന്ദിരാമ്മ. എം.പി യ്ക്കും നൽകിക്കൊണ്ടും ഉത്തരവാകുന്നു.

ചുമതല ഏറ്റെടുത്തത് സംബന്ധിച്ച റിപ്പോർട്ട് അടിയന്തിരമായി അയച്ചുതരേണ്ടതാണ്.

(ഒപ്പ്)

**സാമൂഹ്യനീതി ഡയറക്ടർ**

1ശ്രീമതി. ലിൻസി ജോസഫ് ,ശിശുവികസനപദ്ധതി ഓഫീസർ, പരപ്പ അഡീഷണൽ
2.ശ്രീമതി. വൽസല. റ്റി.വി, സൂപ്പർവൈസർ, ICDS പരപ്പ അഡീഷണൽ
3ശ്രീമതി ഇന്ദിരാമ്മ. എം.പി, സൂപ്പർവൈസർ, ICDS പരപ്പ

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ, കേരള തിരുവനന്തപുരം.
2. ജില്ലാ സാമൂഹ്യനീതി ഓഫീസർ, കാസർഗോഡ്
3. ജില്ലാ പ്രോഗ്രാം ആഫീസർ, കാസർഗോഡ്
4. സ്റ്റോക്ക് /സ്പെയർ.
5. ഇ2-ഇ13

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്